## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1152** **06.06.2018-ൽ മറുപടിക്ക്**

### 1986 ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) 1986 ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം സംസ്ഥാനത്ത് കർശനമായി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) ഉണ്ട്. 1986-ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം അനുസരിച്ച് 14 വയസ്സിന് താഴെയുള്ള കുട്ടികളെ ജോലിക്ക് നിയോഗിക്കുന്നതായി കണ്ടെത്തിയാൽ തൊഴിലുടമയ്ക്ക് എതിരെ പ്രസ്തുത നിയമപ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ടി നിയമപ്രകാരം 2017 - 2018 സാമ്പത്തിക വർഷം സംസ്ഥാനത്ത് തൊഴിൽ വകുപ്പിലെ പരിശോധന ഉദ്യോഗസ്ഥർ 1339 പരിശോധനകൾ നടത്തുകയും 05 പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ബാലവേല പൂർണ്ണമായും നിർത്തലാക്കുന്നതിന് സാധിച്ചിട്ടില്ല എങ്കിലും ബാലവേലയുടെ തോത് ക്രമാനുഗതമായി കുറഞ്ഞുവരുന്നുണ്ട്. |
| (ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള 14 വയസ്സിൽ താഴെയുള്ള കുട്ടികൾ സംസ്ഥാനത്തെ ഹോട്ടലുകളിലും പലഹാര നിർമ്മാണ സ്ഥാപനങ്ങളിലും തൊഴിലെടുക്കുന്നതായ | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സ്ഥാപന ഉടമകൾക്ക് എതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

| | |
|---|---|
| (സി) ബാലവേലക്കെതിരെ പ്രചരണപരിപാടികൾ സംഘടിപ്പിക്കുന്നതിനും, നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.